
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# ചൊല്ല്

## ഡിജിറ്റൽ മാഗസിൻ

## 2020



**സെന്റ് മേരീസ് എച്ച് എസ് എസ്**
**മോറക്കാല**

# സന്ദേശം

മാറി വരുന്ന സാങ്കേതിക വിദ്യയിൽ ഒട്ടും പിന്നിലാവാതെ ലോകത്തോട് കിടപിടിക്കുവാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുവാൻ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിനു കഴിയും എന്നതിൽ സംശയമില്ല. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഒരുക്കുന്ന "ചൊല്ല്" എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.



**- ജോർജ്ജ് കെ എബ്രാഹാം**


**മാനേജർ**

# സന്ദേശം

വിവര സാങ്കേതിക വിദ്യ എല്ലാവരുടെയും വിരൽത്തുമ്പിലെത്തിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് പൊതു വിദ്യാഭ്യാസരംഗം ഉയരുകയാണ് അതിന്റെ ഭാഗമായി രൂപീകൃതമായ “ലിറ്റിൽകൈറ്റ്സ് ക്ലബ്ബ് ” നൽകിവരുന്ന സേവനങ്ങളെ ശ്ലാഘിക്കുന്നതോടൊപ്പം ആശംസകളും നേരുന്നു

വളരെയധികം മികവു പുലർത്തുന്ന നമ്മുടെ സ്ക്രൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങളേയും അതിന് നേതൃത്വം നൽകുന്ന അദ്ധ്യാപകരെയും പ്രശംസിക്കുന്നതോടൊപ്പം സംസ്ഥാനതല ക്യാമ്പിൽ പ്രവേശനം

നേടിയ കാർത്തിക് ഉണ്ണികൃഷ്ണനേയും ജില്ലാതല ക്യാമ്പിൽ പ്രവേശനം നേടിയ ബിനിൽ ജോർജ്ജിനെയും അനുമോദിക്കുകയും ചെയ്യുന്നു . നമ്മുടെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ തുടർപ്രവർത്തനങ്ങൾക്ക് സർവ്വവിധ മംഗളങ്ങളും ആശംസകളും ഈ അവസരത്തിൽ നേർന്നു കൊള്ളുന്നു .



**- പി വി ജേക്കബ്**
**പ്രിൻസിപ്പാൾ**

# ആശംസ

ലോകം വിരൽത്തുമ്പിലുള്ള ഈ കാലത്ത് ലിറ്റിൽ കൈറ്റ്സ് പോലുള്ള ക്ലബ്ബുകൾക്ക് വളരെ പ്രാധാന്യമുണ്ട് .

നൂതന സോഫ്റ്റ് വെയറുടെ പഠനം കുട്ടികൾക്ക് തുറന്നു നൽകുന്നത് സ്വയം പര്യാപ്തതയിലേയ്ക്കുള്ള വഴികളാണ് . ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ സംരംഭമായ " ചൊല്ല് " മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു



**- ജോസ് മാത്യു**
(ഹെഡ്മാസ്റ്റർ)

# ആശംസ

സാങ്കേതിക വിദ്യയിലെ


പുത്തൻ അറിവുകളും ആശയങ്ങളും സമൂഹത്തിന്റെ എല്ലാ തലങ്ങളിലും എത്തിക്കാനും സാങ്കേതിക വിദ്യയും സോഫ്റ്റ് വെയറുകളും ഉപയോഗിക്കുമ്പോൾ പാലിയ്ക്കേണ്ട മൂല്യങ്ങൾ കുട്ടികളിൽ സൃഷ്ടിച്ചെടുക്കാനും ലിറ്റിൽ കൈറ്റ്സിന് സാധിക്കും. അതിന് പ്രാപ്തരായി കുട്ടികൾ മാറട്ടെ എന്ന് ആശംസിക്കുന്നു .



**- സിമി ജോൺസൺ**

**പി.ടി.എ പ്രസിഡന്റ്**

നമ്മുടെ നിത്യജീവിതത്തിൽ വിവരസാങ്കേതിക വിദ്യ വിപുലവും വിസ്മയകരവുമായ മാറ്റങ്ങളാണ് വരുത്തിയത്. നാം പഠിക്കുന്ന വിഷയങ്ങളിലെല്ലാം ഈ സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഈ മാഗസിൻ സമൂഹത്തിന്റെ മാറ്റങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരു കൊച്ചു കണ്ണാടിയാണ്. ചൊല്ലിന്റെ പൂർത്തി കരണത്തിന് സഹായിച്ച എല്ലാ ക്രൂട്ടുകാർക്കും പിന്തുണ നൽകിയ എല്ലാ അധ്യാപകർക്കും ഏറെ നന്ദി.



**- ബിനിൽ ജോർജ്ജ്**
**മാഗസിൻ എഡിറ്റർ**

# ഉള്ളടക്കം


1) കപ്പ സെപ്പെസ്റ്റ്ലർ (കഥ) *1*

2) നിന്നിലലിയുന്ന ഓർമ്മകൾ (കവിത) *9*

3) കത്തിയെരിയുന്ന വാർധക്യം (ലേഖനം) *11*

4) ദൃതനാം പുഴയോരം സാക്ഷിയാക്കു.... (കവിത) *18*

5) ഇന്ത്യയുടെ അഭിമാനം: **വ്യോമമിത്ര** (ലേഖനം) *21*

6) പ്രകൃതി വിപത്തുകളും മനുഷ്യന്റെ പങ്കും. *25*

6) ഉപജില്ല കലോൽസവം *28*

7) വാർഷികോൽസവം *34*

8) സ്മാർട്ടമ്മ (കഥ) *36*

9) കൈതപ്പൂ (കവിത) *43*

11) ഗ്രേറ്റ ട്യൂൻ ബർഗ് (ലേഖനം) *45*

10) ചിത്രശാല *48*

# കപ്പ
# സെപ്പ്സ്ലർ

1

കഥ

ഒരുവൃദ്ധൻ .. ഹോട്ടൽ ആണെന്ന് കരുതി ബാർബർ ഷോപ്പിൽ കയറിയ പഴയ വൃദ്ധൻ അല്ല ഇതൊരു ന്യൂജനറേഷൻ വൃദ്ധൻ

കുടിക്കിട സർട്ടിഫിക്കറ്റിന് വേണ്ടി രജിസ്റ്റർ ഓഫീസിൽ വന്നതാണ്. സമയം നട്ടുച്ച കഴിഞ്ഞു . മീന മാസമാണ് , സൂര്യൻ തന്റെ സംഹാര താണ്ഡവം അതിന്റെ ഉച്ചസ്ഥായിയിൽ കൊണ്ടാടുന്ന സമയം .. ഓഫീസിൽ നിന്നും പുറത്തിറങ്ങി . നിരത്തിൽ ധാരാളം വാഹനങ്ങൾ, കത്തിയാളുന്ന

ഉച്ചവെയിലിൽ നിരത്തങ്ങനെ നീണ്ടു നിവർന്നു കിടക്കുകയാണ്.
        കൊയ്ത്തു കഴിഞ്ഞ പാടശേഖരം വരണ്ടുണങ്ങി വെള്ളത്തിനായി കാത്തു കിടക്കുന്നു. നല്ല വിശപ്പും ദാഹവും . അടുത്തുള്ള ചെറിയ ഹോട്ടലിൽ കയറാൻ  തോന്നിയില്ല . 1/2 കി.മി. മാറി മലയാളിക്ക് മാത്രം അവകാശപ്പെടാവുന്ന പ്രദാത ഭക്ഷണത്തിന്റെ പേരു ചേർത്തുള്ള ഹോട്ടലിൽ പോകാമെന്നു വച്ചു . പോക്കറ്റിൽ 500 രൂപയുണ്ട്... ഒരു കപ്പയും മീൻകറിയും കഴിക്കാം . 100 രൂപയിൽ നിൽക്കും. നേരെ അങ്ങോട്ട് നടന്നു.

# 3

ആദ്യമായാണ് ആ ഹോട്ടലിൽ കയറുന്നത്. പ്രവേശന ഹാളിൽ നിന്നും മുകളിലേക്ക് കയറാൻ ഗോവണിയുണ്ട് . അവിടെ കൂടുതൽ ഇരിപ്പിടങ്ങൾ ഉള്ളത് കൊണ്ട് അയാൾ അങ്ങോട്ടു ചെന്നു . വലിയ തിരക്കില്ല ഇരിപ്പിടങ്ങൾ മിക്കതും കാലിയാണ് . ഒരു മൂലയിൽ സ്ഥാനം പിടിച്ചു . മേശമേൽ വച്ചിരുന്ന കുപ്പിയുടെ സീൽ പൊട്ടിച്ചു പകുതിയോളം ഒറ്റ വലിക്കു കുടിച്ചു ദാഹമകറ്റി വെയ്റ്റർ വന്നു കപ്പയും മീൻകറിയും എന്ന് പറഞ്ഞപ്പോൾ അയാൾ കപ്പ സെപ്സ്ലർ എടുക്കട്ടെ എന്നു ചോദിച്ചു വൃദ്ധൻ ആദ്യമായാണ് അങ്ങനെ ഒരു പേരു കേൾക്കുന്നത് , ഇവിടെ കപ്പയ്ക്കും മീൻ കറിക്കും അങ്ങനെയാണ് പറയുന്നത് എന്ന് കരുതി വൃദ്ധൻ തലയാട്ടി

വിഭവങ്ങൾ വന്നു , അതു കണ്ട് അയാൾ ഒന്നന്താളിച്ചു ! ഒരു പ്ലേറ്റിൽ കപ്പ, പിന്നെ കുറച്ചു മീൻകറി . അത് കൂടാതെ മറ്റു ചില അനുസാരികൾ കൂടെയുണ്ട്. തൈര് കൊണ്ടുള്ള ഒരു വിഭവമാണ് പ്രധാനം . ഇതൊന്നും താൻ പറഞ്ഞില്ലല്ലൊ . ഒരുപക്കെ ഇവരുടെ ആതിഥ്യ മര്യാദയുടെ ഭാഗമാവാം.

ഇപ്പോൾ ഇതൊക്കെ ഒരു ഫാഷൻ ആണല്ലോ ഇങ്ങനെയൊക്കെ ചിന്തിച്ചു അയാൾ കഴിക്കാൻ തുടങ്ങി. മീൻകറി കഴിച്ചപ്പോൾ അയാൾക്ക് ഓക്കാനിക്കാൻ തോന്നി. ഇതും മീൻ കറിയോ . ചൂടുവെള്ളത്തിൽ കുറച്ചു മസാല കലക്കി അതിൽ കുറച്ചു പുഴുങ്ങിയ മീൻ കഷണങ്ങൾ ഇട്ടതുപോലെയുണ്ട് . ഒരു വിധത്തിൽ കഴിച്ചെന്നു വരുത്തി , നാവിനു

വല്ലാത്ത അരുചി , അപ്പോഴാണ് കരിമീൻ പൊള്ളിച്ചത് ഉണ്ടെന്നു കണ്ടത് . ചെറുപ്പത്തിൽ അമ്മ കരിമീൻ പൊള്ളിച്ചത് വാട്ടിയ വാഴയിലയിൽ പൊതിഞ്ഞു തന്നിരുന്നത് അയാൾ ഓർത്തു . ആ ഓർമ്മയിൽ തന്നെ അയാളുടെ നാവിൽ വെള്ളമൂറി . ഒരു 150 രൂപ ആകും അയാൾ മനസ്സിൽ കരുതി . പോക്കറ്റിലുള്ള 500 രൂപയുടെ നോട്ടിൽ തെരുപിടിച്ചു കൊണ്ട് അയാൾ ഒരു കരിമീൻ പൊള്ളിച്ചതിനു കൂടി ഓർഡർ നൽകി കരിമീൻ പൊള്ളിച്ചത് വന്നു . വാഴയിലയിൽ പൊതിഞ്ഞു തന്നെയാണ് . ഇല അധികം വാടിയിട്ടില്ല അയാൾ ഇല തുറന്നു . അതിൽ മീഡിയം വലിപ്പത്തിൽ ഒരുകരിമീൻ പൊള്ളിച്ചു വച്ചിരിക്കുന്നു,

അവിടവിടെയായി ചുവപ്പു നിറത്തിലുള്ള അരപ്പും ഉണ്ട് . അയാൾ കഴിച്ചു തുടങ്ങി . മാംസത്തിൽ എരിവും പുളിയും ഉപ്പും ഒന്നും പിടിച്ചിട്ടില്ല . എങ്ങനെയൊക്കെയൊ കുറച്ചു കഴിച്ചു. നാവിന്റെ അരുചി പിന്നെയും കൂടി . അരുചി മാറ്റാൻ കുപ്പിയിലുള്ള കുറച്ചു വെള്ളം കൂടി കുടിച്ചു .

കൈ കഴുകി തിരികെ വന്നപ്പോൾ ബില്ല് മേശയിൽ ഇരിപ്പുണ്ട് . അയാൾ ബില്ലെടുത്ത് നോക്കി തല കറങ്ങുന്നതു പോലെ തോന്നി , കഴിച്ചതെല്ലാം പുറത്തേക്കെടുക്കുമെന്നു തോന്നി . ബില്ലിന്റെ താഴെ കണ്ട Rs 590/- എന്നതിൽ നിന്നും അയാളുടെ കണ്ണുകൾ മുകളിലേക്ക് ചലിച്ചു . കപ്പ സെപ്ഷ്യ്ലർ Rs 250/-, കരിമീൻ Rs

300/-, വാട്ടർ Rs 40/- ഈശ്വരാ ബാക്കി കാശിനെവിടെ പോകും എന്ന വേവലാതിയിൽ വൃദ്ധൻ ചുറ്റം നോക്കി .

അപ്പോൾ അയാളുടെ ബാല്യകാല സുഹൃത്ത് ചെല്ലപ്പനാശാരിയുടെ മകനെ കൗണ്ടറിൽ കണ്ടു . തെല്ലാശ്വാസമായി ബാക്കിയുള്ള കാശും വണ്ടിക്കൂലിക്കുള്ള കാശും അവന്റെ കയ്യിൽ നിന്നും വാങ്ങി ബില്ലടച്ചു പുറത്തേക്കിറങ്ങുമ്പോൾ എത്രയും പെട്ടെന്ന് വീട്ടിലെത്തി തലേന്ന് വച്ച കുടംപുളിയിട്ട മീനിന്റെ അരപ്പെങ്കിലും വീട്ടിൽ ഉണ്ടെങ്കിൽ അത് കൂട്ടി ഇത്തിരി കഞ്ഞി കുടിച്ചു നാവിന്റെ അരുചി മാറ്റണം എന്ന ഒറ്റ ചിന്തയെ ഉണ്ടായിരുന്നുള്ളു അയാൾ നിരത്തിലേക്കിറങ്ങുമ്പോൾ വില കൂടിയ ഒരു കാറിൽ ഒരു നാടൻ

സായിപ്പും കുടുംബവും അങ്ങോട്ടിറങ്ങുകയായിരുന്നു .!!!!!!



- തോമസ്സ് റോയ്
൯C

# നിന്നിലലിയുന്ന 9 ഓർമ്മകൾ

കവിത

നിലാപക്ഷികൾ പറന്നകലുന്ന
പുഴയോരം...
സന്ധ്യയുടെ താളവട്ടത്തിൽ
പുഴയോരം...
കാവിൽ കാത്തുകിടക്കുന്ന
തോണിക്കാരനൊപ്പം പുഴയുടെ
അനന്തമായ സൗന്ദര്യത്തെ ,
സൗരഭ്യത്തെ
ആസ്വദിക്കുന്ന തോണി...
പ്രകൃതിയുടെ കണ്ണുനീരായ മഴയെ
കൂട്ടിവയ്ക്കുന്ന പുഴയ്ക്ക് ഒരു
കൂട്ടായ പുഴയോരം...

10

ഭൂമിയുടെ സങ്കടങ്ങൾ
ഉള്ളിലൊതുക്കുന്ന
പുഴയോരത്ത് തത്തിക്കളിച്ച
ഓർമ്മകളുണ്ടെന്നിൽ
എന്നും മറക്കാത്ത ഓർമ്മകൾ.



- നേഹ ജോസ്
10 C

# കത്തിയെരിയുന്ന വാർധക്യം

കഥ

നേരം പുലർന്നു. പ്രഭാതത്തിന്റെ തെളിമയാർന്ന വെളിച്ചം എല്ലാ വീടിന്റെയും കതകിനെയും തൊട്ടുണർത്തി. ആ വീടുകളെ അപേക്ഷിച്ച് തീർത്തും ഒറ്റപ്പെട്ട വൃത്തിഹീനമായ ഒരു വീട്. വീടല്ല ഒരു ചെറിയ ചെറ്റക്കുടിൽ അങ്ങനെതന്നെ വിശേഷിപ്പിക്കാം. ആ വീടിന്റെ ചുറ്റുപ്രദേശം കാടുപിടിച്ച് കിടക്കുന്നു. പൊട്ടിപ്പൊളിഞ്ഞ ആ കതകിന്റെ വാതിൽ ചെറുതായി ഒന്നു തുറന്നു. പാതി തുറന്ന ആ കതകിന്റെ വിടവിലൂടെ തീർത്തും

സങ്കടം തോന്നുന്ന ഒരു കാഴ്ച.
വൃദ്ധയായ ഒരമ്മ , നാരായണിയമ്മ.
അമ്മയ്ക്ക് തൊണ്ണൂറുകഴിഞ്ഞിരിക്കുന്നു.
മുഷിഞ്ഞ് പഴകിയ വസ്ത്രം, പീളകെട്ടി
തീർത്തും ദയനീയമായ കണ്ണുകൾ,
കാലപ്പഴക്കംമൂലം പിന്നിക്കീറിയ ഒരു
പഴയ കട്ടിലിൽ കിടന്നുറങ്ങുന്നു.
അവർക്കു കൂട്ട് എലിയും പൂച്ചയും
പല്ലിയുമൊക്കെ...

മക്കളുണ്ട് നാലെണ്ണം
, രണ്ടാണും പിന്നെ രണ്ട് പെണ്ണും.
പെൺമക്കൾ കല്യാണം കഴിഞ്ഞ്
ഭർത്തൃവീട്ടിൽ .ആൺമക്കൾ
രണ്ടുപേർ മികച്ച ജോലി മാസാമാസം
നല്ലരീതിയിൽ ശമ്പളം, എന്നാലോ
ഇങ്ങനെയൊരമ്മ ജീവനോ
ടെയുണ്ടെന്ന കാര്യം മാത്രം
അവർക്കോർമ്മയില്ല. ജീവിതത്തിന്റെ

നല്ലൊരുകാലവും മക്കൾക്കായി
മാറ്റിവച്ച അമ്മ. പെട്ടെന്നുണ്ടായ
ഭർത്താവിന്റെ മരണം, തനിച്ചായ
താനും തന്റെ മക്കളും, ഒത്തിരി
കഷ്ടപ്പെട്ടാണ് അവർ മക്കളെ
വളർത്തിയത്. എന്നിട്ടിപ്പോ
ആരുണ്ട് അവർക്കിന്ന് ? രണ്ടു
ദിവസമായി നാരായണിയമ്മ വല്ലതും
കഴിച്ചിട്ട്. പീളയടിഞ്ഞ അവരുടെ
കണ്ണുകൾ പാതി അടഞ്ഞു
കഴിഞ്ഞിരുന്നു. അവശതയുടെ ആ
വക്കിൽ എവിടെനിന്നോ അവരുടെ
മനസ്സിൽ ആ പഴയകാലം
ഓടിയെത്തി. ആരോടെന്നില്ലാതെ
അവർ പറഞ്ഞു "രവി,മോനെ ഓടല്ലേ,
നീ വീഴും. സ്ക്രൂളിൽ പോകുമ്പോൾ
സൂക്ഷിച്ച് പോണോട്ടോ.വല്യേട്ടനും
ചേച്ചിമാരും പറയുന്നത് കേൾക്കണം".
ഉള്ളതിൽ ഏറ്റവും ഇളയവനാണ്

രവി, അമ്മയുടെ പുന്നാരമോൻ, എന്നാൽ അവനോ ഇന്ന് സമയമില്ല. അവനിന്ന് അറിയില്ല അമ്മ ജീവനോടെയുണ്ടോ അതോ മരിച്ചോ എന്ന്.

ശരീരം തളർന്നു. അതിതീഷ്ണമായി അവർ ആ പഴയ ഓർമകൾ ഓർത്തെടുക്കാൻ ശ്രമിക്കുന്നു. ബോധമില്ലാതെ പിച്ചും പേയും പറയുന്നു. തൻെറസമയം അടുത്തെത്തി എന്ന് നാരായണിയമ്മയ്ക്ക് മനസിലായി. എങ്കിലും മനസിൽ അതിന്റെ തരിമ്പും ചിന്തയില്ല, മക്കൾ എന്ന ചിന്ത അത്രമാത്രം അവരുടെ മനസ്സിൽ. പീളയടിഞ്ഞ ആ കണ്ണുകൾ അടഞ്ഞു. അതെ അവർ മരിച്ചുകഴിഞ്ഞു. അവസാനത്തെ ആ

ആഗ്രഹം പോലും സാധിക്കാതെ ആ പാവം കണ്ണുകളടച്ചു.

രണ്ടുനാൾകഴിഞ്ഞു. ദുർഗന്ധം മൂലം പരിസരത്ത് ആളുകൾ കൂടി. "നല്ലൊരമ്മയായിരുന്നു. എന്നാൽ കണ്ണടയുന്ന സമയത്ത് അവരുടെ അരികിൽ സ്വന്തം മക്കൾപോലും ഉണ്ടായില്ല". വേറൊരാൾ "മക്കളാണുപോലും.... വളർത്തിവലുതാക്കിയ സ്വന്തം അമ്മയെ തിരിഞ്ഞുനോക്കാത്തവരാണോ മക്കൾ". ഇങ്ങനെയൊക്കെ അമ്മയെപ്പറ്റിയും അമ്മയുടെ മക്കളെപറ്റിയും ആളുകൾ പരസ്പരം പിറുപിറുത്തു."സംസ്കാരവും, അതിനോടനുബന്ധിച്ച കർമ്മങ്ങളും

നടത്തേണ്ടേ ? മക്കളെ വിളിച്ചോ? "അതിനിടയിൽ കൂട്ടത്തിലൊരാൾ മറ്റൊരാളോട് ചോദിച്ചു. "ഉം വിളിച്ചു, അവർ നാലു മക്കളും കുടുംബത്തോടെ ഒരു ടൂറിലാണ്, ഒഴിവാക്കാൻ പറ്റാത്ത ടൂറാണെന്ന്, അതുകൊണ്ട് വരാൻ പറ്റില്ലെന്ന്" . അയാൾ പറഞ്ഞു "അപ്പോൾ സംസ്കാര കർമ്മങ്ങൾ എങ്ങനെ നടത്തും". "അതൊന്നും വേണ്ട, വല്ല പൊതുശ്മശാനത്തിലും കൊണ്ടുപോയി കത്തിക്കാനാണ് മക്കൾ പറഞ്ഞത്". "ഇനി നമ്മളെന്തു ചെയ്യാനാ, നമ്മളെക്കൊണ്ട് ഇതല്ലേ പറ്റൂ". അയൽക്കാരിൽ ഒരാൾ പറഞ്ഞു. മരണത്തിൽ പോലും സ്വന്തം മക്കളുടെ നന്മ മാത്രമേ അവർ ആഗ്രഹിച്ചിരുന്നുള്ളു. ഒരിക്കലും അവർ മക്കളെ ശപിച്ചിരുന്നില്ല. എന്നാൽ ഇന്ന് ആ അമ്മ ഒരു

പൊതുശ്മശാനത്തിൽ
അനാഥമൃതദേഹമായി
കത്തിയെരിയുന്നു. ആ പുക
അന്തരീക്ഷമാകെ പടർന്നുപിടിച്ചു.
ആ പുക ചുരുളുകൾക്കുചുറ്റും ബലി
കാക്കകൾ വട്ടമിട്ട് പറന്നു.



- അഞ്ജന മധു
10 C

# ഭൂതനാം പുഴയോരം സാക്ഷിയാകൂ.... *18*

കവിത

വീടിനടുത്തെ സോദരിയാമവൾ
അന്നും ചിരിക്കുന്ന വെള്ളിതുകി
കടവത്തിരിക്കുന്നൊരു തോണിയുമായി
കാമുകിയാമവൾ നോക്കിനിൽപ്പൂ........

പാദസരം കിലുങ്ങിയിരുന്നൊരു
പാദങ്ങൾ
എന്നും തഴുകിയവൾ കുളിരുതുകി
മുഷിവുഗന്ധമായ് പറ്റിച്ചേർ
ന്നെന്നും ഞാന
വളോടൊത്തൊരു
തോണിയായി.........

# 19

അനാഥയെന്നറിഞ്ഞു തളർന്നു ഞാൻ
തൂകിയ അശ്രുക്കൾ മാറിടത്തിൽ
ചേർത്തൊഴുകിയവൾ കിഴക്കു നോക്കി
സിന്ദൂരപ്പാട്ടിനെ തഴുകാനായി........

എന്നും വിദ്യാലയയങ്കണത്തിൽ
കാത്തിരുന്നവൾ ഏകയായി
ആരോരുമില്ലാത്തെനിക്കവൾ
ഭ്രാതൃപിതൃമാതൃസോദരിയാം

ഒടുവിലിതാ ഞാനെത്തിപ്പൂ
വറ്റിയുണങ്ങിയ നീർമിഴിയുമായി
നിന്നുടെ കൈകളാം പുഴയോരത്ത്
തളർന്നുകിടപ്പൂ ഞാൻ തയ്യാറായി......

കാണുന്നു ഞാനിന്നു
സ്വർഗ്ഗവാതിൽ
കേൾക്കുന്നു ഞാനിന്നു
നരകധ്വനി

സർവ്വമാലിന്യങ്ങളും താങ്ങുക
നീ യിന്നിതാ എന്നെയും
കൊണ്ടുപോകൂ...

എൻ വളർച്ച കണ്ടിരുന്നയോരം
ഇന്നിതാ എൻഹത്യക്കുംസാക്ഷിയാകൂ
പുഴയ്ക്കെന്നും കൂട്ടാകുന്നയോരം
ഇന്നിതാ എൻ മരണദൂതനാകൂ....



- നന്ദന ബിനു
10 C

# ഇന്ത്യയുടെ 21 അഭിമാനം:

# **വ്യോമമിത്ര**

രാജ്യത്തിന്റെ ആദ്യ മനുഷ്യ ബഹിരാകാശ യാത്രാ ദൗത്യത്തിന്റെ ഭാഗമാകുക എന്നതാണ് വ്യോമമിത്രയുടെ ദൗത്യം. മനുഷ്യ റോബോട്ടിന്റെ ആദ്യത്തെ പ്രോട്ടോടൈപ്പ് ആണ് ഐഎസ്ആർ ഒ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്.



ഇതിന് പക്ഷെ
കാലുകളില്ലാത്തതിനാൽ ഇതിനെ
അർദ്ധ ഹ്യൂമനോയിഡ് എന്നാണ്
ഐഎസ്ആർ ഒ മേധാവി ശ്രീ കെ
ശിവൻ വിശേഷിപ്പിച്ചത്.
അതുകൊണ്ടുതന്നെ വശങ്ങളിലേക്കും
മുന്നിലേക്കും വളയാൻ മാത്രമേ കഴിയൂ.
ഇന്ത്യയുടെ ഗഗൻയാൻ മിഷന് മുൻ
പായി ചില പരീക്ഷണങ്ങൾ നടത്തുക
എന്നതാണ് വ്യോമിത്രയിലൂടെ
ഇസ്രോ ലക്ഷ്യമിടുന്നത്. ഇസ്രോയ്ക്ക്
മനുഷ്യരെ ബഹിരാകാശത്തേക്ക്
എത്തിക്കാൻ കഴിയുമെന്ന്
തെളിയിക്കാൻ ലക്ഷ്യമിട്ടുള്ള
പരീക്ഷണമായിരിക്കും റോബോട്ടിനെ
ഉപയോഗിച്ച് നടത്തുന്നത്.
ഹ്യൂമനോയിഡ് വ്യോമമിത്ര ആളില്ലാ
ബഹിരാകാശ യാത്രയുടെ ഭാഗമാകും .
ബഹിരാകാശയാത്രികരെ

23

അയയ്ക്കുന്നതിന് മുൻപായി വ്യോമമിത്ര ബഹിരാകാശത്തേയ്ക്ക് യാത്രയാവും. റോബോട്ടിലൂടെ പരീക്ഷണങ്ങൾ നടത്തിയശേഷം മാത്രമേ ഇന്ത്യ ബഹിരാകാശയാത്രികരെ അയയ്ക്കു. ഏത് സമയവും ഇസ്രോ കമാൻഡുമായി സമ്പർക്കം പുലർത്താനും, മനുഷ്യനെ പോലെ സംസാരിക്കാനും, ബഹിരാകാശത്ത് മനുഷ്യർ ചെയ്യുന്നതെല്ലാം അനുകരിക്കാനും, അവരെ തിരിച്ചറിയാനും, ചോദ്യങ്ങളോട് പ്രതികരിക്കാനും മനുഷ്യറോബോട്ടായ വ്യോമമിത്രയ്ക്ക് കഴിയും.



ബഹിരാകാശത്തെ അവസ്ഥയെ സൂക്ഷ്മമായി നിരീക്ഷിക്കാനും, വിശകലനംചെയ്യാനും കഴിയുമെന്ന പ്രത്യേകതയും വ്യോമമിത്രയ്ക്ക് ഉണ്ട്. പരീക്ഷണയാത്രയിൽ ബഹിരാകാശവാഹനത്തിന്റെ സ്വിച്ച് പാനൽ പ്രവർത്തിപ്പിക്കുന്നതും വ്യോമമിത്രയായിരിക്കും.



**- ജോർജ്ജ് കുര്യാക്കോസ്**
**II C**

# പ്രകൃതി വിപത്തുകളും മനുഷ്യന്റെ പങ്കും. 25

ലേഖനം

ഒരു കാർ വേണ്ടവിധത്തിൽ സംരക്ഷിക്കപ്പെടുമ്പോൾ, അത് സുരക്ഷിതമായ യാത്രയ്ക്ക് ഉപകരിക്കും. എന്നാൽ അത് ദുരുപയോഗം ചെയ്യുകയും വേണ്ട വിധത്തിൽ സംരക്ഷിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ അതിലെ യാത്ര അപകടകരമായിരുന്നേക്കാം . ചില വിധങ്ങളിൽ നമ്മുടെ ഭൂഗ്രഹവും ഇങ്ങനെ തന്നെയാണ്.

ഭൗമാന്തരീക്ഷത്തിലും സമുദ്രങ്ങളിലും മനുഷ്യന് വരുത്തിയിട്ടുള്ള മാറ്റങ്ങൾ പ്രകൃതി വിപത്തുകളുടെ ആവൃത്തിയും തീവ്രതയും വർധിക്കുന്നതിന് ഇടയാക്കിയിരിക്കുന്നെന്നും അങ്ങനെ അവ നമ്മുടെ ഗ്രഹത്തെ അപകടമേഖലയാക്കി മാറ്റിയിരിക്കുന്നെന്നും പല ശാസ്ത്രജ്ഞരും പറയുന്നു. ഭാവിയിലെ കാര്യം അനിശ്ചിതമാണ്. "നമുക്കുള്ള ഒരേയൊരു ഗ്രഹത്തെ നാം തോന്നുന്നതുപോലെയൊക്കെ പരീക്ഷണവിധേയം ആക്കിക്കൊണ്ടിരിക്കുകയാണ് . അത് എവിടെച്ചെന്ന് അവസാനിക്കുമെന്ന് നമ്മുക്ക് യാതൊരു നിശ്ചയവുമില്ല " എന്ന് കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച്

സയൻസ് മാസികയിൽ വന്ന ഒരു
മുഖപ്രസംഗം പ്രസ്താവിക്കുകയുണ്ടായി .
മനുഷ്യന്റെ കൈകടത്തൽ പ്രകൃതി
വിപത്തുകളുടെ ആവൃത്തിയേയും
തീവ്രതയേയും ഏതു
വിധത്തിലായിരിക്കും
സ്വാധീനിക്കുന്നതെന്ന് കൂടുതൽ
നന്നായി മനസ്സിലാക്കുന്നതിന് ,
ഉൾപ്പെട്ടിരിക്കുന്ന
അടിസ്ഥാനപരമായ പ്രാകൃതിക
പ്രതിഭാസങ്ങളെക്കുറിച്ചും നാം കുറച്ചു
കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.



**- അമൽ വിനയൻ**
**൯C**

# <u>ഉപജില്ല</u> 28

# <u>കലോത്സവം</u>

2019-2020 വർഷത്തെ സബ്ജില്ല സ്കൂൾ കലോത്സവത്തിൽ സെന്റ് മേരീസ് എച്ച് എസ് എസ് മോറക്കാല ഓവറോൾ ചാമ്പ്യൻമാരായിക്കൊണ്ട് ഇപ്രാവശ്യവും ഓവറോൾ കിരീടം നിലനിർത്തി....!!!



ഈ വിജയത്തിനായി പരിശ്രമിച്ച എല്ലാ കുട്ടികളും , അധ്യാപകരും മോറക്കാലയിൽ നിന്ന് പള്ളിക്കരയിലേയ്ക്ക്



ട്രോഫിയുമായി റാലി നടത്തുകയും 29

ചെയ്തു.






















32









# സ്കൂൾ

# വാർഷികോത്സവം

2019-20 വർഷത്തെ സ്കൂൾ വാർഷികോത്സവം ഡിസംബർ മൂന്നാം തിയതി ഹെഡ്മാസ്റ്റർ ജോസ്



മാത്യുസാറിന്റെയും , പ്രിൻസിപ്പൽ ജേക്കബ് സാറിന്റെയും , സ്കൂൾ മാനേജർ ജോർജ്ജ് എബ്രഹാം സാറിന്റെയും , റവ. ഫാദർ തോമസ് എം പോളിന്റെയും , വയലിനിസ്റ്റ് മുഹമ്മദ്

ഫായിസിന്റെയും , പഞ്ചായത്ത് പ്രസിഡന്റ് പ്രഭാകരൻ , തുടങ്ങിയവരുടെയും , മറ്റു അധ്യാപകരുടെയും മഹനീയ സാനിധ്യത്തിൽ കുന്നത്തുനാട് എം എൽ എ ശ്രീ വി പി സജീന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു .

മേൽപറഞ്ഞവരുടെ സാനിധ്യത്തിൽ വിശിഷ്ടാതിഥി വയലിനിസ്റ്റ് മുഹമ്മദ് ഫായിസിനെ സ്കൂൾ പ്രിൻസിപ്പൽ ശ്രീ. പി വി ജേക്കബ് പൊന്നാട അണിയിച്ചു .



# സ്മാർട്ടമ്മ

മകളുടെ സ്കൂളിലേക്ക് ലക്ഷ്മി ഇറങ്ങിയത് തന്നെ അല്പം പേടിയോടെയായിരുന്നു. ക്ലാസ് പിടിഎ മീറ്റിംഗ് കഴിഞ്ഞയാഴ്ച കഴിഞ്ഞതാണ്. മകൾക്ക് ചില വിഷയങ്ങളിൽ മാർക്ക് കുറവാണ്. അതായിരിക്കുമോ ടീച്ചർ വരാൻ പറഞ്ഞിരിക്കുന്നത് ? അമ്മമാർക്ക് ഉള്ള ക്ലാസ്സ് എന്നാണ് പറഞ്ഞത്. നെറ്റ് കണക്ഷൻ ഉള്ള സ്മാർട്ട് ഫോൺ കൊണ്ടുവരണമെന്നും. സ്വന്തമായി സ്മാർട്ട് ഫോൺ ഉണ്ടെങ്കിലും ലക്ഷ്മി അത് ഉപയോഗിക്കാറില്ല. ആരെങ്കിലും വിളിച്ചാൽ എടുക്കാൻ മാത്രമറിയാം.

സ്കൂൾ വിട്ടു വന്നാൽ പിന്നെ ഒൻ പതാം ക്ലാസുകാരി അഞ്ജിതയും ഏഴാം ക്ലാസുകാരൻ അഞ്ജിത്തും എപ്പോഴും ഫോണിലാണ്. അവർക്ക് പഠിക്കാനുള്ളത് ഫോണിലുണ്ട് എന്നാണ് പറയാറ്. ഫോണിൽ നോക്കി നോട്ട്സ് അയക്കലും എഴുത്തും വിളിയും. ഓരോന്ന് ആലോചിച്ച് സ്കൂൾ എത്തിയത് ലക്ഷ്മി അറിഞ്ഞില്ല.

മകളുടെ ക്ലാസിലേക്ക് എത്തിയതും ലക്ഷ്മിയെ സ്വീകരിച്ചത് കുറച്ചു കുട്ടികൾ ആയിരുന്നു. അവർ ഫോൺ വാങ്ങി എന്തൊക്കെയോ ചെയ്ത് തിരികെ തന്നു. അതിനുശേഷം അകത്തേക്ക് വിളിച്ച് സീറ്റിൽ കൊണ്ടുപോയി ഇരുത്തി. 2.30 ആയപ്പോഴെക്കും ക്ലാസ്സ് തുടങ്ങി.

ലക്ഷ്മിയെ അത്ഭുതപ്പെടുത്തി
ക്കൊണ്ട്  ആദ്യം കണ്ട
കുട്ടികളിലൊരാളായിരുന്നു ക്ലാസ്സ്
നയിച്ചത്.  ആദ്യം
പാഠപുസ്തകത്തിലെ ക്യൂ ആർ കോഡ്
സ്കാൻ
ചെയ്യുന്നതെങ്ങനെയെന്നാണ്
കാണിച്ചത്. അതിനുശേഷം
 പാഠപുസ്തകത്തിലെ ക്യൂ ആർ കോഡ്
സ്കാൻ ചെയ്ത് വീഡിയോകൾ,
ഓഡിയോകൾ, എന്നിവ
കാണുന്നതെങ്ങനെ എന്ന്
പരിചയപ്പെടുത്തി.ലക്ഷ്മിക്ക് ആദ്യം
ഒന്നും മനസിലായില്ല. അടുത്ത്
നിന്നിരുന്ന മറ്റൊരു കുട്ടി ലക്ഷ്മിയെ
സഹായിച്ചു. അനായാസം ക്യൂ ആർ
കോഡ് സ്കാൻ ചെയ്യാനും  ലക്ഷ്മി
പഠിച്ചു. പിന്നീട് സമഗ്രയാണ്
പരിചയപ്പെടുത്തിയത്. ഇ-

റിസോഴ്സ്,ക്രിസ്റ്റ്യൻ പൂൾ എന്നിവ തുറക്കുന്നതെങ്ങനെയെന്നും ലക്ഷ്മിക്ക് മനസ്സിലായി. കുട്ടികളുടെ ക്ലാസിനുശേഷം മോളുടെ ഒരു സർ ആണ് പിന്നീട് സംസാരിച്ചത്.
കമ്പ്യൂട്ടർ, മൊബൈൽ എന്നിവ
കമ്പ്യൂട്ടർ, മൊബൈൽ എന്നിവ
ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എല്ലാം വിശദമായി തന്നെ പറഞ്ഞു. അതിൽ മിക്കതും ലക്ഷ്മിക്ക് പുതിയ അറിവുകളായിരുന്നു.
ക്ലാസിനുശേഷം ലക്ഷ്മി അവൾക്കുണ്ടായിരുന്ന ചില സംശയങ്ങൾ ആ കുട്ടികളോട് തന്നെ ചോദിച്ചു മനസിലാക്കി. കയ്യിലിരിക്കുന്ന ഫോൺ കൊണ്ട് ഇങ്ങനെയും ഉപയോഗങ്ങൾ ഉണ്ട് എന്നത് ലക്ഷ്മിക്ക്പുതിയ അറിവായിരുന്നു. അവസാനം സർ ഒന്നുകൂടി കൂട്ടിച്ചേർത്തു മൊബൈൽ

കുട്ടികൾ ഉപയോഗിക്കുന്നത് അച്ഛന്റെയോ അമ്മയുടെയോ സാന്നിധ്യത്തിലായിരിക്കണം. ലക്ഷ്മി ക്ലാസ്സ്  നയിച്ച കുട്ടികളെ പരിചയപ്പെട്ടു. അവർ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ അംഗങ്ങൾ ആണ് എന്ന് മനസിലാക്കി.

സ്കൂളിൽ നിന്ന് സന്തോഷത്തോടെയാണ് ലക്ഷ്മി വീട്ടിലെത്തിയത്. വീട്ടുജോലികളെല്ലാം കഴിഞ്ഞ് മൊബൈൽ ഫോൺ കയ്യിലെടുത്തു. മകളുടെ പാഠപുസ്തകമെടുത്ത്  ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് നോക്കി. പാഠപുസ്തകത്തിലെ വിവരണം വായിച്ച് ഇതും കൂടി കണ്ടപ്പോൾ ലക്ഷ്മിക്ക്  മനസിലായി ഇന്നത്തെ ക്ലാസിന് പോയത് നന്നായി എന്ന്.

വൈകിട്ട് മകൾ പതിവു പോലെ ഫോൺ എടുത്തപ്പോൾ ലക്ഷ്മി ചോദിച്ചു "നിനക്ക് എന്ത് നോക്കാനാണ് ഫോൺ “? അതൊന്നും പറഞ്ഞാൽ അമ്മയ്ക്ക് മനസിലാവില്ല. എന്നാലും നീയൊന്ന് പറഞ്ഞേ, ഞാൻ കേൾക്കട്ടെ. അഞ്ജിത വളരെ നിരസത്തോടെ പറഞ്ഞ ഉടനെ ലക്ഷ്മി ഫോണിൽ ആ പാഠഭാഗവുമായി ബന്ധപ്പെട്ട റിസോഴ്സ് കാണിച്ചു, എന്നിട്ട് പറഞ്ഞു, "ഇനി മോള് പോയിരുന്ന് പഠിക്ക് ട്ടോ... എന്ത് സംശയമുണ്ടെങ്കിലും അമ്മയോട് ചോദിച്ചോ".

മൊബൈൽ ഫോൺ കിട്ടാത്തതിന്റെ നിരാശയിൽ അഞ്ജിത

പോകുമ്പോൾ അനിയൻ വിളിച്ചു പറഞ്ഞു. "ചേച്ചീ... നമ്മുടെ അമ്മ ഇപ്പോൾ സ്മാർട്ട് ആയിട്ടോ..." " സ്മാർട്ടമ്മ". "ചേച്ചിയുടെ കളിയൊന്നും ഇനി അമ്മയുടെ അടുത്ത് നടക്കില്ല". സ്മാർട്ടമ്മ എന്ന് മനസിൽ പറഞ്ഞുകൊണ്ട് ലക്ഷ്മി അടുക്കളയിലേക്ക് നടന്നു.



**- ഷീന ജോർജ്ജ്**
**എച്ച് എസ് എ**

# കൈതപ്പൂ 43

## കവിത

ആയിരം പൂക്കൾ വിടർന്നു വിലസുമ്പോൾ
എത്തുവതെന്തീ സുഗന്ധം
ആയിരം പൂവിനെ ഓമനിച്ചീടുവാൻ
എന്റെ കരങ്ങൾ കൊതിക്കേ
എല്ലാത്തിലും ചെന്നു തേൻനുകർന്നീടുവാൻ
വണ്ടനോടുണ്ടോ അസൂയ?
പൂവേത് പൂമ്പാറ്റയേതെന്നറിയാതെ
പൂക്കൾ നിറഞ്ഞ കൈതോല
കാറ്റേ തഴുകി പോന്നതല്ലേ
നിനക്കെന്തൊരു ഗന്ധം സുഗന്ധം
കൈതപ്പൂ ഗന്ധം നുകരുവാനത്രേ
ഞാനീവരമ്പിലിരിപ്പൂ
കൈതപ്പൂ കാണാനും ഗന്ധം നുകരാനും
പണ്ടേ ഞാനേറെക്കൊതിപ്പൂ
പാമ്പനെപ്പേടിച്ച് പോകുവാൻ
പേടിയാ കൈതപ്പൂ പോയിപറിക്കാൻ
അമ്മതൻ പെട്ടിയിൽ കൈതപ്പൂ കണ്ടത്
കുഞ്ഞിലേയെന്തൊരു ചന്തം

ചേലയ്ക്കു നല്ല സുഗന്ധം പൂശാനത്രേ
കൈതപ്പൂ പെട്ടിയിൽവയ്പ്പൂ
മുള്ളിന്നിടയിൽ വിരിഞ്ഞ
പൂവേ നിനക്കെന്തിത്രചന്തം പൂവേ
നീ പകർന്നേകാമോ നിന്നുടെ ചന്തമെൻ
മേനിക്കു പുന്നാരപ്പൂവേ.



-എ.പി.ചിന്നമ്മ
അധ്യാപിക

# ഗ്രേറ്റ ട്യൂൻ ബർഗ്



കാലവസ്ഥാമാറ്റത്തിനും ആഗോളതാപനത്തിനും നേരെ ലോകവ്യാപകമായ പോരാട്ടത്തിന്  നേതൃത്ത്വം നൽകുന്ന പതിനാറുകാരിയാണ് ഗ്രേറ്റ തൂൻ ബർ ഗ് . .2018 ഓാഗസ്റ്റിൽ സ്വീഡിഷ് പാർ മെന്റിനുമുന്നൽ കാലാവസ്ഥയ്ക്കുവേണ്ടിയുള്ള പഠിപ്പുമുടക്കുസമരം ആരംഭിച്ചുകൊണ്ടാണ് ഗ്രേറ്റ തന്റെ പോരാട്ടത്തിന് തുറക്കം കുറിച്ചത്. വെള്ളിയാഴ്ച്ച പഠിപ്പുമുടക്ക് എന്ന പേരിൽ ലോകമാകെ പടർന്ന സമരത്തിൽ ഇന്നു ലക്ഷക്കണക്കിന് കുട്ടികൾ അണിനിരക്കുന്നുണ്ട്.

ഒരു സാധാരണ പെൺകുട്ടിയായ ഗ്രേറ്റ അധികാര കേന്ദ്രങ്ങൾക്കു മുമ്പാകെ സത്യം വിളിച്ചു പറയാൻ ധൈര്യം കാണിച്ച് പുതുതലമുറയുടെ മുഖമായി മാറി. "അർത്ഥശൂന്യമായ വാക്കുകൾ കൊണ്ട് നിങ്ങളെന്റെ സ്വപ്നങ്ങളും ബാല്യവും തകർത്തു. മനുഷ്യർ മരിക്കുകയാണ്, ദുരിതമനുഭവിക്കുകയാണ്, മുഴുവൻ ആവാസ വ്യവസ്ഥയും തകരുകയാണ്. വിനാശത്തിൻ വക്കിലാണ് എന്നിട്ടും നിങ്ങൾക്ക് പണത്തെക്കുറിച്ചും സാമ്പത്തിക വളർച്ചയെ കുറിച്ചുമാണ് പറയാനുള്ളത്"", യു.എന്നിലെ ഗ്രേറ്റയുടെ ഈ വാക്കുകൾ വലിയ ചർച്ചാവിഷയമായി. ഇതിനു ശേഷം മാഡ്രിഡിൽ നടന്ന യു.എൻ കലാവസ്ഥാ ഉച്ചകോടിയിലും ഗ്രേറ്റ തന്റെ നിലപാട് തുറന്നടിച്ചു. രാഷ്ട്രീയ

നേതാക്കളുടെയും അധികാരികളും
നടപടി എടുക്കുമെന്ന് വാഗ്ദാനം
ചെയ്യുമെങ്കിലും ഒന്നും പ്രാവർ
ത്തികമാക്കില്ല ഇതാണ് യാഥാർത്ഥ
അപകടം. തെറ്റായ കണക്കു
സൂചികകളും പി.ആർ വർക്കുകൾക്കും
അപ്പുറം ഒന്നും നടക്കുന്നില്ല.
എന്നാണ് സ്പെയിനിൽ
മാഡ്രിഡിൽ നടന്ന കാലാവസ്ഥാ
ഉച്ചകോടിയിൽ അരോപിച്ചത്.



**- ആഗ്നസ് സൂസൻ**
**6 C**

# ചിത്രശാല 48





- തോമസ്സ് ബേബി
൯C

# 49





- ദേവദത്തൻ മുരളീധരൻ
൯C

50






- വൈവരി വി എസ്
൯C

51






- അമൽ വിനയൻ
൯D






- അദിരാം കൃഷ്ണൻ
൯C





- ബിനിൽ ജോർജ്ജ്
൯C

54





- മാത്യു പോൾ
അധ്യാപകൻ





- നേഹ സാബു
4





-നിയ്യ സാബു
4

# നന്ദി

